"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഫിഷറീസ് - 2018-19 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന രക്ഷിതാക്കൾ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ഉപരിപഠനത്തിനുള്ള ധനസഹായ പദ്ധതി -കുമാരി ഷെറിനും അനുജൻ ഇമ്മാനുവലിനും ആനുകൂല്യം നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

**സ.ഉ.(സാധാ) നം.965/2018/മ.ഉ.വ** തീയതി,തിരുവനന്തപുരം, 10/12/2018

---

പരാമർശം:- 1.കുമാരി.ഷെറിന്റെ 28/01/2018 ലെ നിവേദനം.
2.ഫിഷറീസ് ഡയറക്ടറുടെ 1.11.2018 ലെ എൻ2/2452/2018 നമ്പർ കത്ത്.

**ഉത്തരവ്**

പടപ്പക്കര ഉൾനാടൻ മത്സ്യഗ്രാമത്തിലെ 8808-ാം നമ്പർ മത്സ്യത്തൊഴിലാളിയായിരുന്ന ശ്രീ.വിൽസന്റെ മരണത്തെത്തുടർന്ന് മക്കളായ കുമാരി.ഷെറിനേയും അനുജൻ ഇമ്മാനുവലിനേയും മാതാവ് ഉപേക്ഷിച്ച് പോയതിനാൽ കഴിഞ്ഞ നാലു വർഷത്തോളമായി രണ്ട് കുട്ടികളും പിതാവിന്റെ സഹോദരിയുടെ സംരക്ഷണയിലാണ്. പിതാവിന്റെ സഹോദരിയുടെ ഭർത്താവിന് മത്സ്യകച്ചവടമായതിനാൽ തുച്ഛമായ വരുമാനം കൊണ്ട് കഴിയുന്ന കുടുംബത്തിന് തുടർ പഠനവും ജീവിതച്ചെലവും വഹിക്കുവാൻ ബുദ്ധിമുട്ടായതിനാൽ കുമാരി.ഷെറിന്റേയും അനുജൻ ഇമ്മാനുവലിന്റേയും പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 2018-19 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന രക്ഷിതാക്കൾ മരണപ്പെട്ട മത്സ്യത്തൊഴിലാളി കുട്ടികൾക്ക് ഉപരിപഠനത്തിനുള്ള ധനസഹായപദ്ധതിയിൽ, ആനുകൂല്യം നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് ഫിഷറീസ് ഡയറക്ടർ മേൽ പരാമർശ പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുമാരി.ഷെറിന്റെയും അനുജൻ ഇമ്മാനുവലിന്റെയും പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 2018-19 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന രക്ഷിതാക്കൾ മരണപ്പെട്ട മത്സ്യത്തൊഴിലാളി കുട്ടികൾക്ക് ഉപരിപഠനത്തിനുള്ള ധനസഹായപദ്ധതിയിൽ, ആനുകൂല്യം നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗിരിജ കുമാരി.ജി**
**ജോയിന്റ് സെക്രട്ടറി**

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ